കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുണ്ടേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.6/1944/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698
തീയ്യതി: 19.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

മുണ്ടേരി ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- മുണ്ടേരി ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-13, ഭാഗം 2-ലെ 2-1, 2-5, ഭാഗം 3-ലെ 3-1, 3-2, 3-7 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ./കെ.എൻ.ആർ./സി.6/1944/2018. തീയ്യതി 19.12.2018

## കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 20.07.2017 മുതൽ 23.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ബി. സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-09-2018 മുതൽ 05-10-2018 വരെ |

ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ. പ്രമോദ് കെ വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനൂപ് കെ കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷൈജിത്ത് പി സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ധന്യ എം | ഓഡിറ്റർ |

സി) നിർവഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ പങ്കജാക്ഷൻ | 1-4-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീ. സി പി സജീവൻ | 1-4-17 മുതൽ 31-3-18 വരെ |

ഡി) നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.നിജേഷ് സി | 1-4-17 മുതൽ 31-3-18 വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രദീപൻ എം എൻ | 1-4-17 മുതൽ 31-10-17 വരെ |

| | | |
|---|---|---|
| | ശ്രീ.ചിഞ്ചു വിഎസ് | 1-11-17 മുതൽ 31-3-18 വരെ |
| വെറ്ററിനറി സർജൻ | ഡോ. ദീപ ജയപാൽ | 1-4-17 മുതൽ 31-3-18 വരെ |
| വി ഇ ഒ (കാഞ്ഞിരോട് സർക്കിൾ) | ശ്രീ.സുജിത്ത് | 1-4-17 മുതൽ 31-3-18 വരെ |
| വി ഇ ഒ (മുണ്ടേരി സർക്കിൾ) | ശ്രീമതി.സീമ ഇ | 1-4-17 മുതൽ 31-3-18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി രാമചന്ദ്രൻ | 1-4-17 മുതൽ 31-3-18 വരെ |
| ഐ. സി. ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.മുംതാസ് ടി വി | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ. PHC | ഡോ.അഷ്റഫ് കെ പി | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | ഡോ.സ്മിജ എപി | 1-4-17 മുതൽ 31-3-18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രദീപ് | 1-4-17 മുതൽ 31-3-18 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | പക്ഷി സങ്കേതവും മുണ്ടേരിക്കടവും ഉൾപ്പെടുന്ന പ്രദേശങ്ങളെ വിനോദ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. | 1-13 |
| | ഭാഗം 2-വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല | 2-1 |
| 15 | ഡി & ഒ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-2 |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 2-3 |
| 17 | രശീതി പരിശോധന അപാകതകൾ | 2-4 |
| 18 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | 2-5 |
| 19 | വാടക വരവ് – അപാകതകൾ | 2-6 |
| | ഭാഗം 3-ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | കുടിവെള്ള വിതരണം - നടപടി ക്രമങ്ങൾ പാലിച്ചില്ല | 3-1 |
| 21 | തെരുവ് വിളക്ക് - 65 എനർജി മീറ്റർ സ്ഥാപിച്ചെങ്കിലും ഓരോ മീറ്ററിങ്ങ് പോയിന്റിനും കൺസ്യൂമർ നമ്പർ ലഭ്യമാക്കി ഉപയോഗത്തിനനുസരിച്ചുള്ള ബില്ലിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയില്ല | 3-2 |
| 22 | പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിച്ചില്ല. | 3-3 |
| 23 | ഐ.കെ.എം-ന് വിഹിതം നൽകിയത് - ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 50000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി വിഹിതം നൽകിയത്-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 |
| 25 | ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ – മരുന്ന് | 3-6 |

| | | |
|---|---|---|
| | ലഭ്യമാകാത്തതും സ്റ്റോക്കിലെടുത്തതിലെ കുറവും 17613/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 26 | ഇ-ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |
| 27 | പദ്ധതികൾ പൂർണമായും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. | 3-8 |
| 28 | ക്ഷേമ പെൻഷൻ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 3-9 |
| 29 | സമഗ്ര നെൽകൃഷി വികസന പദ്ധതി - ചെലവ് തുകയുടെ കൈപ്പറ്റ് ലഭ്യമാക്കിയില്ല - 3,60,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 42 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 15-3-17 തീയതിയിലെ 26/17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11210900 |
| വരവ് | 136925000 |
| ആകെ | 148135900 |
| ചെലവ് | 140380000 |
| നീക്കിയിരിപ്പ് | 7755900 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 5-6-2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28/6/18, 30/6/18 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/1340/18 തീയ്യതി 7.7.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29491496.50 |
| വരവ് | 81622980.00 |
| ആകെ | 111114476.50 |
| ചെലവ് | 78233039.00 |
| നീക്കിയിരിപ്പ് | 32881437.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 14986000 | 14986000 | 13739211 | 1246789 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 2842386 | 2842386 | 2489596 | 352790 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | - | - | - | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 19178626 | 19178626 | 18398748 | 779878 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5600579 | 5600579 | 3885656 | 1714923 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9935143 | 9935143 | 9927593 | 7550 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 696197 | 696197 | 696197 | - |
| സാക്ഷരത | | 65590 | 3349 | 68939 | - | 68939 |
| ദുരിതാശ്വാസ നിധി | | 44446 | 20364 | 64810 | - | 64810 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 12933162 | 12933162 | 12933162 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1002.5 | 558677 | 559679.5 | 558278 | 1401.5 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ – | | 1940 | 285 | 2225 | - | 2225 |

| | | | | | | |
|---|---|---|---|---|---|---|
| 1. എം.പി. ഫണ്ട് | | | | | | |
| 2.ഐ.സി.ഡി.എസ്. | | 1507356 | 1074521 | 2581877 | 1137563 | 1444314 |
| 3.ടി.എസ്.സി. | | 80000 | 2622454 | 2782454 | 2702454 | 80000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - 1.നെൽകൃഷി ബോണസ് | | | 207700 | 207700 | 207700 | - |
| 2.തൊഴിൽ രഹിതവേതനം | | | 52440 | 52440 | 52440 | - |
| 3.വിവാഹ ധനസഹായം | | | 510000 | 510000 | 510000 | - |
| 4.വിമുക്തി | | | 12500 | 12500 | - | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 1750500 | 1750500 | 1750500 | - |
| | ജില്ലാ പഞ്ചായത്ത് | 273925 | 250000 | 523925 | 523925 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 24783580 | 12574099 | 37357679 | 15110283 | 22247396 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3106752 | 11179467 | 14286219 | 4698888 | 9587331 |

## 1-6 പദ്ധതി അവലോകനം

എ.)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 178 | 77675002 | 151 | 56609875 | 3 | 24 | 85 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ പദ്ധതി നിർവ്വഹണ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 10 | 2752207 | 1052533 | 38.24 |
| കൃഷി ഓഫീസർ | 6 | 6 | 7145613 | 5653379 | 79.15 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1 | 1 | 549800 | 424800 | 77.26 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 718585 | 718548 | 99.99 |
| വി.ഇ.ഒ. | 9 | 8 | 1483146 | 1295129 | 87.32 |
| വി.ഇ.ഒ. | 4 | 4 | 1000390 | 709963 | 70.97 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 2 | 5955308 | 5000871 | 83.97 |
| അസി.എഞ്ചിനീയർ | 118 | 102 | 51491736 | 36927336 | 71.72 |
| ഹെഡ്മാസ്റ്റർ | 7 | 7 | 1988217 | 1924816 | 96.81 |
| അസി.സെക്രട്ടറി | 5 | 5 | 1105000 | 1105000 | 100 |
| വെറ്ററിനറി സർജൻ | 6 | 6 | 3485000 | 1797500 | 51.58 |

ബി.)പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

സി. ആസൂത്രണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ മുഴുവനായും പരിഗണിക്കപ്പെടുന്നില്ല

പഞ്ചായത്തിന്റെ ആസൂത്രണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ മുഴുവനായും പരിഗണിക്കപ്പെടുന്നില്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാവുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

1.)കുടിവെള്ളം ശുചിത്വം മാലിന്യപരിപാലന വർക്കിംഗ് ഗ്രൂപ്പ് 21-4-17 ന് ചേർന്ന യോഗത്തിൽ മുഴുവൻ വീടുകളിലും തുണിസഞ്ചിവിതരണം, കിണർ റീചാർജിംഗ് പദ്ധതി മുഖേന ജലലഭ്യത ഉറപ്പുവരുത്തൽ, പൊതുകിണർ ആഴം കൂട്ടൽ, കുടുക്കിമെട്ട, മുണ്ടേരിമെട്ട, ഏച്ചൂർ, കാഞ്ഞിരോട് എന്നിവിടങ്ങളിൽ പൊതുശൗചാലയം നിർമ്മിക്കൽ, പൊതുകിണറുകൾക്ക് ഇരുമ്പ് വല നിർമ്മിക്കൽ, എന്നിവ നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 'നിർമലഭവനം', 'നിർമലഗ്രാമം' എന്നീ പദ്ധതികൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാതൃകാപരമായി നിർവഹണം നടത്തിയത് അഭിനന്ദനാർഹമാണ്.

2.)കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായി രൂപം കൊടുത്ത ജലനിധി പദ്ധതികൾ വിജയം കാണാത്തത് ആസൂത്രണത്തിലെ പോരായ്മയാണ്. 17 ജലനിധി പദ്ധതികളിൽ മാവിലാച്ചാൽ പദ്ധതിയിലൂടെ മാത്രമേ ദിവസേന കുടിവെള്ളം ലഭ്യമാക്കുന്നുള്ളൂ. മറ്റു പദ്ധതികളിലൂടെ ആഴ്ചയിൽ ഒന്നോരണ്ടോ ദിവസം മാത്രമേ ജലവിതരണം നടക്കുന്നുള്ളൂ എന്നതും കുനൻചാൽ പദ്ധതിയിൽ നിന്നും ഇതുവരെ കുടിവെള്ളം ലഭ്യമാക്കാനായിട്ടില്ല എന്നതും ഭരണസമിതി ഗൗരവത്തിലെടുക്കേണ്ടതാണ്. മുഴുവനാളുകൾക്കും ശുചിത്വപൂർണമായ കുടിവെള്ളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പ്രോജക്ട് രൂപീകരണ വേളയിൽ ഉയർന്നുവരേണ്ടതുണ്ട്. എന്നാൽ അത്തരം പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

3.) കുടുംബശ്രീയെ ഉൾപ്പെടുത്തി കട, സോപ്പ് , സഞ്ചി നിർമ്മാണയൂണിറ്റ് എന്നിവ ആരംഭിക്കുക, കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക,തയ്യൽ പരിശീലനം, കറിപൗഡർ ഫ്ലോർ മിൽ യൂണിറ്റ് ആരംഭിക്കൽ, വനിതകൾക്ക് ഓട്ടോപരിശീലനം എന്നിവയാണ് ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ എന്നാൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

4.)പട്ടികജാതി കോളനികളിൽ സാംസ്കാരികനിലയം, സ്വയംതൊഴിൽ പദ്ധതികൾ, കിണറുകൾ ആൾമറകെട്ടൽ ആഴംകൂട്ടൽ, സോളാർ പാനൽ നിർമിക്കൽ, കുടിവെള്ള പ്രശ്നംപരിഹരിക്കൽ തുടങ്ങിയ പട്ടികജാതി ക്ഷേമ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടില്ല.

5.)വായനാശീലം പരിപോഷിപ്പിക്കാൻ ലൈബ്രറി വികസിപ്പിക്കൽ, ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ, വിദ്യാലയങ്ങളിൽ സ്റ്റീൽപ്ലേറ്റ് വിതരണം, അയ്യപ്പൻമല പൈതൃകകേന്ദ്രമാക്കൽ, മുണ്ടേരി പക്ഷിസങ്കേതം പരിസ്ഥിതി സൗഹൃദഇക്കോടൂറിസം കേന്ദ്രമാക്കൽ എന്നിവയാണ് വിദ്യാഭ്യാസ സാംസ്കാരിക വർക്കിംഗ് ഗ്രൂപ്പിന്റെ നിർദേശങ്ങൾ. ഇവ പ്രസക്തമാണെങ്കിലും ആവശ്യമായ പദ്ധതികൾ രൂപീകരിച്ചിട്ടില്ല.

6.)ആവശ്യമായ അഴുക്കുചാൽ സംവിധാനം ഇല്ലാത്തതിനാൽ റോഡുകൾ പെട്ടെന്ന് തകർന്നുപോകുന്നതായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ പുതിയ റോഡുകളുടെ നിർമാണത്തിലും ആവശ്യമായ അഴുക്കുചാൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡി.)വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല

കരട് പ്രോജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും തുടർന്ന് വികസനസെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതുണ്ട്. മേൽ വിഷയത്തിൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്നാണ് ഇതു സംബന്ധിച്ച മിനുട്സുകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാവുന്നത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പ്രധാനപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.മൃഗസംരക്ഷണവും ക്ഷീരവികസനവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മെമ്പർമാർ ഒപ്പു രേഖപ്പെടുത്തിയതല്ലാതെ ഒരു തീരുമാനം പോലും എടുത്തിട്ടില്ല.പ്രോജക്ട് നിർദേശങ്ങൾ യോഗങ്ങളിൽ ഉണ്ടായിട്ടില്ല എന്നത് ഗൗരവത്തിലെടുക്കേണ്ടതാണ്.

2.ഓഡിറ്റ് വർഷത്തിൽ 102 മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയുടെ വിശകലനം പോലും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

3.പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഏതെങ്കിലും പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

4.പദ്ധതിക്ക് അന്തിമരൂപം നൽകുന്ന ഘട്ടത്തിൽ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെ കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. അത്തരത്തിൽ റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ടിന്റെ യുക്തി, നിയമസാധുത, വിജയസാധ്യത എന്നിവ ചർച്ചചെയ്ത് ഉറപ്പുവരുത്തിയിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1002.5 | 558677 | 559679.5 | 558278 | 1401.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 12932763 | 12932763 | 12932763 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52440 | - |
| കർഷകതൊഴിലാളി പെൻഷൻ | 6256900 | 541 |
| വിധവാപെൻഷൻ | 15138200 | 1269 |
| വാർദ്ധക്യകാലപെൻഷൻ | 30133000 | 2346 |
| വികലാംഗപെൻഷൻ | 4183300 | 375 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1959200 | 166 |
| വിവാഹ ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-9-18ന് വൈകുന്നേരം 3.20-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 38015/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് കാലയളവിൽ ആറു തവണയാണ് ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്നിട്ടുള്ളത്. പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിന് ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് മിക്ക മീറ്റിങ്ങുകളിലും ചർച്ചകളും നിർദേശങ്ങളുമുണ്ടായിട്ടുണ്ട്. നികുതി പൂർണമായും പിരിച്ചെടുക്കൽ, സാമൂഹ്യ ക്ഷേമ പെൻഷനുകളിലെ കാലതാമസമൊഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ജീവനക്കാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു ജോലി വിഭജനം നൽകുകയും ഓഫീസ് മീറ്റിംഗുകളിലെ വിവിധങ്ങളായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളും തുടർനടപടികളും അവലോകനം ചെയ്യുന്നതിനായി നിശ്ചിത പ്രഫോർമയിൽ രജിസ്റ്റർ എഴുതി തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട്. ഓഫീസ് ജീവനക്കാരുടെ മീറ്റിംഗ് മാസം തോറും നടത്തി പ്രവർത്തനങ്ങൾ അവലോകന വിധേയമാക്കേണ്ടതും ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്ത് ഡയറക്ടറുടെ 18.1.2007-ലെ എച്ച്.1/13880/06 കത്തിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-5-18 | 1/18 മുതൽ 03/18 വരെ | 21-5-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-09-09 മുതൽ 3-10-09 വരെ | 2004-05 മുതൽ 2008-09ൽ വരെ | 16-11-2009 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.വാർഷിക കണക്കു പ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2.വാർഷിക കണക്കു പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫറ്റ് വെയറിലെ ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3.വാർഷിക കണക്ക് പ്രകാരമുള്ള ഡി & ഒ ലൈസൻസ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസറ്റ് മാനേജ്മെന്റിന് വേണ്ടി ഉപയോഗിക്കുന്നത് സചിത്ര സോഫ്റ്റ് വെയരാണ്. പ്രസ്തുത സോഫ്റ്റ് വെയർ സാംഖ്യ സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തിയിട്ടില്ല. ആയതിനാൽ സചിത്ര പ്രകാരം ആസ്തിയിൽ ചേർക്കുന്ന മൂല്യവും ഡിപ്രീസിയേഷൻ ചാർജ്ജസും അസറ്റ് രജിസ്റ്ററിൽ പ്രതിഫലിക്കുന്നില്ല.

5. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (Ratios), അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6.ബാലൻസ് ഷീറ്റിൽ B-3 യിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനായി ചേർത്തിരിക്കുന്നത് 34770567/- രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ വേണ്ട തുക 49841994/- ആണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

1. 2016-17 AFS ലെ B3 പ്രകാരം തുക ---- 34770567

   2017-18 AFS ലെ RP40 പ്രകാരം തുക-- 6359432

2017-18 AFS ലെ RP38 പ്രകാരം തുക-- 8711995
2017-18 AFS ലെ B3 പ്രകാരം വേണ്ട തുക --- 49841994

7.രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ താഴെ പറയുന്ന ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| Code No. | Schedule No. | ഇനം | രജിസ്റ്റർ | തുക |
|---|---|---|---|---|
| 341100101 | B-8 | സിവിൽ ഡപ്പോസിറ്റ് വർക്കുകൾ | ഡപ്പോസിറ്റ് രജിസ്റ്റർ | 13606 |
| 341300101 | B-8 | മറ്റ് ഡപ്പോസിറ്റ് വർക്കുകൾ | ഡപ്പോസിറ്റ് രജിസ്റ്റർ | 1000 |
| 420800101 | B-12 | ഫിക്സഡ് ഡപ്പോസിറ്റ് | ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ | 1700 |
| 350300110 | B-9 | വാല്യൂ ആഡഡ് ടാക്സ് | ഡ്യൂസ് രജിസ്റ്റർ | 43470 |

8. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (I-16 ൽ) തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9.ബാലൻസ് ഷീറ്റിലെ B-11(a) പട്ടിക പ്രകാരം കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ 834397 രൂപയുണ്ട്. ആയതിന്റെ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. ബാലൻസ് ഷീറ്റിലെ B-9 other Liabilities തുക വൗച്ചർ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | കോഡ് നം. | ഇനം | AFS തുക | വൗച്ചർ തുക | വ്യത്യാസം | വൗച്ചർ നം. |
|---|---|---|---|---|---|---|
| 1 | 350110104 | പെൻഷൻ കോൺട്രിബ്യൂഷൻ | 50803 | 48890 | 1913 | 21800035 18-04-18 |
| 2 | 350200101 | ജനറൽ പ്രൊവിഡന്റ് ഫണ്ട് | 2700 | 35830 | 33130 | 21800031 18-04-18 |
| 3 | 350200102 | KPEPF | 37897 | 101110 | 63213 | 21800030 18-04-18 |
| 4 | 350200103 | SLI | 5375 | 5525 | 150 | 21800032 18-04-18 |
| 5 | 350200105 | LIC | 20419 | 20269 | 150 | 21800036 18-04-18 |
| 6 | 350200114 | IT deducted at source salaries | 6200 | 7000 | 800 | 21800037 18-04-18 |
| 7 | 350200199 | Recoveries payable- other recoveries from Employees | 92712 | 9873 9873 | 72966 | 21800038 18-04-18 21800039 18-04-18 |
| 8 | 350300101 | ലൈബ്രറി സെസ്സ് | 220120 | 165740 | 54380 | 21800190 16-06-18 |
| 9 | 350300100 | CGST | 18906 | 18306 | 600 | 21800022 12-064-18 |
| 10 | 350300111 | SGST | 18906 | 18306 | 600 | 21800026 12-04-18 |
| 11 | 350300201 | IT Deducted at source | 2829 | 2364 | 465 | 51800182 18-06-18 |

## **1-13** <u>പക്ഷി സങ്കേതവും മുണ്ടേരിക്കടവും ഉൾപ്പെടുന്ന പ്രദേശങ്ങളെ വിനോദ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്നായുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.</u>

മുണ്ടേരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാരസാധ്യതകളുള്ള മുണ്ടേരി പക്ഷിസങ്കേതവും, ജലഗതാഗതത്തിന് ഉപയുക്തമാക്കാവുന്ന മുണ്ടേരിക്കടവും ഉൾപ്പെടുന്ന പ്രദേശങ്ങളെ വിനോദ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്, 13-ാം പദ്ധതി മാർഗരേഖയിലെ (03.04.2017 ലെ ജി ഒ (എം എസ്) 80/2017) 25ാം ഖണ്ഡികയിലെ വ്യവസ്ഥകൾ അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. മുണ്ടേരി പക്ഷിസങ്കേതം പരിസ്ഥിതിസൗഹൃദ ഇക്കോടൂറിസം കേന്ദ്രമാക്കണമെന്ന ആവശ്യം വിദ്യാഭ്യാസ സാംസ്കാരിക വർക്കിംഗ് ഗ്രൂപ്പ് 2017-18-ലെ പദ്ധതിരൂപീകരണ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അത്തരത്തിലുള്ള പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. പരിസ്ഥിതി സംരക്ഷണത്തോടൊപ്പം ആയത് കുറ്റമറ്റ രീതിയിൽ പരിപാലിച്ചുകൊണ്ട്, അധിക ധനസമാഹരണത്തിനുള്ള മാർഗ്ഗമായും ഇത് ഉപയാഗപ്പെടുത്താമെന്നതിനാൽ വരും വർഷങ്ങളിൽ ഈ മേഖലയിലെ സുസ്ഥിര വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണ് .

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ് )വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്, ഡി & ഒ ലൈസൻസിനായി ലഭിച്ച അപേക്ഷകളെ മാത്രം അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സാധ്യമല്ല. ഇതുവഴി ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 2-2 ഡി & ഒ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.അപേക്ഷകൾ അപൂർണ്ണം

ഡി&ഒ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച മിക്ക അപേക്ഷകളിലും അവശ്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഒരു ദിവസത്തെ വിറ്റുവരവിന്റെയോ/ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിയുടേയോ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ മിക്ക അപേക്ഷയിലും ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ഉള്ളടക്കം ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ, കെട്ടിട നമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | VI/305 | കെ.സുജിൽ | പടക്കകച്ചവടം | എക്സ്പ്ലോസിവ്സ് കൈവശം വെക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള ലൈസൻസ് ഹാജരാക്കിയില്ല |
| 2 | IX/488 | വി.കെ പ്രകാശൻ | ഹോട്ടൽ | സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല |

അപേക്ഷയിൻമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടോ, സെക്രട്ടറിയുടെ തീരുമാനമോ ഇല്ലാതെയാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്.

2.വിറ്റുവരവിനനുസൃതമായി ഫീസ് ഈടാക്കിയിട്ടില്ല

ചുവടെ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് നം/കെട്ടിട നം. | അപേക്ഷകന്റെ പേര് | സ്ഥാപനം | വിറ്റുവരവ്/ യന്ത്ര ശക്തി | ഈടാ ക്കേണ്ട തുക | ഈടാ ക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 16/495 | എ.ജയരാജൻ | ഇരുമ്പ് സ്റ്റോക്ക് ചെയ്ത് വിൽപ്പന | 20,000 | 500 | 300 | 200 |
| 2 | 15/545,546 | രമേഷ്ബാബു.എം | നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന | 10,000 | 200 | 100 | 100 |
| 3 | 15/557,558,559 | കെ.ചന്ദ്രൻ | സിമന്റ് സ്റ്റോക്ക് ചെയ്യാൻ | 1,50,000 | 4000 | 300 | 3700 |
| | | | ആകെ | | 4700 | 700 | 4000 |

കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (7/1.10.18) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3.ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ പരിശോധനയിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഉദാഹരണം ചുവടെ പട്ടികയിൽ കൊടുക്കുന്നു

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | വ്യാപാര ഇനം | റസീറ്റ് നമ്പർ /തീയതി |
|---|---|---|---|---|
| 1 | മിനി പ്രശാന്ത് | 22.3.18 | ദന്തൽ ക്ലിനിക് | 117010108131/22.3.18 |
| 2 | അനീഷ്കുമാർ വി.വി | 19.3.18 | ഗ്രിൽസ് നിർമ്മാണം | 117010108064/19.3.18 |
| 3 | പി എ നാസർ | 22.11.17 | ടീസ്റ്റാൾ | 117010104855/22.11.17 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി ആന്റ് ഒ ലൈസൻസ് വാങ്ങിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷാരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന തീയതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവെന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ശിക്ഷ ഈടാക്കാവുന്നതാണ്. തുടർവർഷങ്ങളിൽ ഡി ആന്റ് ഒ ലൈസൻസ് നിയമത്തിൽ അനുശാസിക്കുന്ന വിധം ഫീസ്

ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.ഭേദഗതി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ( ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017/തസ്വഭവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017/തസ്വഭവ അടിസ്ഥാനമാക്കിയായിരുന്നു. ഈ വിജ്ഞാപനം നടപ്പാക്കുന്നത് സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 31.3.2018 തീയതിയിലെ യോഗത്തിലാണ് തീരുമാനം കൈക്കൊണ്ടത്. ആയതിനാൽ ഓഡിറ്റ് വർഷം ഭേദഗതി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുവാൻ സാധിച്ചിട്ടില്ല.

## 2-3 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല

1997-ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കേണ്ടതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്. എന്നാൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2017-18 വർഷം രജിസ്ട്രേഷൻ പുതിക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ആര്യ ക്ലിനിക്കൽ ലബോറട്ടറി,കുടുക്കിമൊട്ട |
| 2 | ലക്ഷ്മി മെഡിക്കൽ ലബോറട്ടറി, മുണ്ടേരി |
| 3 | അക്യുറേറ്റ് ഡയഗ്നോസ്റ്റിക് സെന്റർ, ഏച്ചൂർ |
| 4 | കാനച്ചേരി മെഡിക്കൽ സെന്റർ |

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (9/1.10.18) മുഖേന വിവരം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും മേൽ ചട്ട പ്രകാരം പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-4 രശീതി പരിശോധന - അപാകതകൾ

1.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ച മിക്ക രശീതി ബുക്കുകളിലും 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.രസീതുകൾ റദ്ദ് ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ റദ്ദ് ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | 16213 | 78 |
| 2 | 16220 | 33 |
| 3 | 16208 | 74 |
| 4 | 16214 | 53 |

## 2-5 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

വസ്തുനികുതിപിരിവ് ഊർജ്ജിതമായി നടത്തുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നിർദ്ദേശാനുസരണം ഡിമാന്റ് നോട്ടീസ് നികുതിദായകർക്ക് നേരിട്ട് വിതരണം ചെയ്യുന്നതിന് സി.ഡി.എസ് മെമ്പർമാരെ ചുമതലപ്പെടുത്തുക, ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം വസ്തുനികുതി പിരിവ് പൂർണ്ണമായിട്ടില്ല. തൻവർഷനികുതി ഏറെക്കുറെ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും കുടിശ്ശിക ഇനത്തിൽ വർഷാവസാനം 453360/- രൂപ പിരിക്കാൻ ബാക്കിയുണ്ട്. വസ്തുനികുതി മുഴുവനായും പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക വരവ് അപാകതകൾ

1.വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല

വാടക സംബന്ധിച്ച രജിസ്റ്റർ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2 കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം | മുറികളുടെ എണ്ണം |
|---|---|---|
| 1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 2 |
| 2 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 1 |

ഓരോ പ്രാവശ്യവും എഗ്രിമെൻറ് കാലാവധിക്കുശേഷം നിലവിലുള്ള വാടകയിൽ 5% വർദ്ധനവ് വരുത്തിയാണ് പ്രസ്തുത കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്. ഇത് സംബന്ധിച്ച് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.വാടകക്കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2017-18 വർഷം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറി കുടുംബശ്രീ ടീസ്റ്റാൾ നടത്തുന്നതിനുവേണ്ടി ശ്രീമതി റസീന എ.സി എന്നയാൾക്ക് മാസവാടക 1000/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. ടിയാനുമായി ഏർപ്പെട്ട വാടകകരാർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ്അന്വേഷണം (9/1.10.18) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള വിതരണം - നടപടി ക്രമങ്ങൾ പാലിച്ചില്ല

മുണ്ടേരിയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ (കാഞ്ഞിരോട് ഭാഗം) ടാങ്കറിൽ കുടിവെള്ളം എത്തിച്ച് വിതരണം ചെയ്യുന്നതിനായി വൗച്ചർ നം 21700365/16.08.2017പ്രകാരം ₹96,921 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 09.03.2017ലെ സ.ഉ(സാധാ)662/17ത.സ്വ.ഭ.വ നമ്പർ ഉത്തരവും, കണ്ണൂർ ജില്ലാ കളക്ടറുടെ 22.03.2017 ലെ M6/10226/2011/DCKNR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് മേൽ പ്രവൃത്തി പഞ്ചായത്ത് നടത്തിയിട്ടുള്ളത് . 12.05.2017 മുതൽ 02.06.2017 വരെയായി കുടിവെള്ള വിതരണം ചെയ്തതായി കാണിച്ച് വാഹന ഉടമ/കോൺട്രാക്ടർ, ട്രിപ്പ് ഷീറ്റ് സമർപ്പിക്കുകയും തനതു ഫണ്ടിൽ നിന്നും പഞ്ചായത്ത് തുക അനുവദിക്കുകയും ചെയ്തു.

പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാമെന്ന് സമ്മതിച്ച് കൊണ്ടുള്ള എഗ്രിമെന്റ്, ജി.പി.എസ് ഡാറ്റ, ട്രിപ്പ് ഷീറ്റ് , വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും കുടിവെള്ളം ശേഖരിച്ചതിന്റെ തീയ്യതിയും അളവും കാണിക്കുന്ന പട്ടിക എന്നിവ ഒത്തുനോക്കി ഉറപ്പുവരുത്തി മാത്രമേ വാഹന ഉടമ/ കോൺട്രാക്ടർക്ക് തുക വിതരണം ചെയ്യാവൂ എന്ന് ജില്ലാ കളക്ടറുടെ മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാമെന്ന് സമ്മതിച്ച് കൊണ്ടുള്ള എഗ്രിമെന്റ്, ജി.പി.എസ് ഡാറ്റ, വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും കുടിവെള്ളം ശേഖരിച്ചതിന്റെ തീയ്യതിയും അളവും കാണിക്കുന്ന പട്ടിക എന്നിവ ഹാജരാക്കാതെ വാഹന ഉടമ/കോൺട്രാക്ടർക്ക് തുക അനുവദിച്ചതായാണ് കാണുന്നത് .

കുടിവെള്ളം ശേഖരിക്കുന്ന സ്രോതസ് പൂർണമായി മാലിന്യ മുക്തമായിരിക്കണമെന്ന് ഉറപ്പ് വരുത്തേണ്ടത് അനിവാര്യമാണെന്നിരിക്കെ വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും കുടിവെള്ളം ശേഖരിച്ചതിന്റെ രേഖകളില്ലാതെ ഇത്തരത്തിൽ തുക അനുവദിച്ചത്, വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്താനാകാതെയും പോകുന്നു. ഭാവിയിൽ നടപടിക്രമങ്ങൾ പാലിച്ച് മാത്രം കുടിവെള്ളം വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ് . കുടിവെള്ള വിതരണത്തിന്റെ കൃത്യത ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിരന്തരമോണിറ്ററിംഗിന് വിധേയമാക്കേണ്ടതും ആയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 3-2 തെരുവ് വിളക്ക് - 65 എനർജി മീറ്റർ സ്ഥാപിച്ചെങ്കിലും ഓരോ മീറ്ററിങ്ങ് പോയിന്റിനും കൺസ്യൂമർ നമ്പർ ലഭ്യമാക്കി ഉപയോഗത്തിനനുസരിച്ചുള്ള ബില്ലിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയില്ല

2017-18 വർഷത്തിൽ തെരുവ് വിളക്കിന്റെ വൈദ്യുതിചാർജിനത്തിൽ 764955/- രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 65 എനർജി മീറ്ററുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എനർജി മീറ്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനായി 65 ടെസ്റ്റ് റിപ്പോർട്ട് വൈദ്യുതി വകുപ്പിന് സമർപ്പിച്ച് ഉടമ്പടി ചമയ്ക്കുന്നതിന്നായി 07.12.2016 തീയ്യതിയിലെ EB6/2016-17/ECR165നം കത്ത് പ്രകാരം വൈദ്യുതി വകുപ്പ്, പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യത്തിന് മുദ്രപത്രം വാങ്ങിക്കാനുള്ള ചെലവിലേക്കായി വൗച്ചർ നം 21700371/22.08.2017 പ്രകാരം 13000/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഉടമ്പടി ചമക്കാനുണ്ടായ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ മീറ്റർ ബില്ലിംഗ് സമ്പ്രദായം 2017-18 വർഷത്തിലും പ്രാവർത്തികമാക്കാതെ ഫിക്സഡ് ചാർജ് ആയി വൈദ്യുതി ചാർജ് ഒടുക്കുന്ന പഴയ സമ്പ്രദായം തന്നെ തുടരുന്നതായാണ് കാണുന്നത്. പഞ്ചായത്തിന്റെ അധീനതയിൽ ആകെ 67 സി എഫ് ലാമ്പുകളും 504 ഫ്ലൂറസെന്റ് ലാമ്പുകളും ഉള്ളതായി തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ മീറ്റർ സ്ഥാപിക്കാൻ ബാക്കിയുള്ള തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ച് വൈദ്യുത ചാർജ് ഒടുക്കുന്ന രീതി പൂർണ്ണമായും മീറ്റർ ബില്ലിംഗ് സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതാണ് .

## 3-3 പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള രണ്ട് വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാതെ മറ്റ് ഇൻഷ്വറൻസ് സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്. 2017-18 വർഷത്തിലെ ഈയിനത്തിലുള്ള ചെലവിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വാഹന രജിസ്ട്രേഷൻ നം | വാഹന മോഡൽ | വൗച്ചർ നം/തീയതി | തുക | ഇൻഷ്വറൻസ് സ്ഥാപനം |
|---|---|---|---|---|
| KL13V-4816 | ബലോറോ ജീപ്പ് | 21700280/28.07.2017 | 10,990 | നാഷണൽ ഇൻഷ്വറൻസ് കമ്പനി ലി. |
| KL13Z-9999 | പിയാജിയോ ആപ്പേ ട്രക്ക് | 21701119/25.03.2018 | 17,750 | നാഷണൽ ഇൻഷ്വറൻസ് കമ്പനി ലി. |

സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ ജി.ഒ.(പി) 819/2000 നമ്പർ ഉത്തരവു പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത് വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ 01.10.18 തീയതിയിലെ 6/2017-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഐ.കെ.എം-ന് വിഹിതം നൽകിയത്- ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 50000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം - 4/2018

പ്രൊജക്റ്റിന്റെ പേര് - ഐ.കെ.എം ന്ന് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 50000/- (വികസന ഫണ്ട്)

ചെലവ് തുക – 50000/-

ബിൽ നം - 4/17-18 തീ 17.07.2017

ഐ.കെ.എം-ന് വിഹിതം നൽകുന്നതിന്നായി ₹50000 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. എന്നാൽ ഐ.കെ.എം തുക കൈപ്പറ്റിയതിന്റെയോ, തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹50000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക കൈപ്പറ്റിയതിന്റെയും, തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ഐ.കെ.എം-ൽ നിന്നും നിന്നും ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/2017-18 തീ01.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 പ്രത്യേകകന്നുകുട്ടി പരിപാലനപദ്ധതി വിഹിതം നൽകിയത്- ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല .

പ്രൊജക്റ്റ് നം - 79/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ തുക – 9,37,500/-

ബിൽ നം - 17190152016001027746 തീ 17.02.2018, 6,25,000

ബിൽ നം - 17190152016000738537 തീ 28.11.2017, 3,12,500

ചെലവ് തുക – 9,37,500/-

പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി വിഹിതം നൽകുന്നതിന്നായി മേൽ വിശദാംശങ്ങൾ പ്രകാരം പിൻവലിച്ച തുകകൾ എസ് എൽ ബി പി പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-6 ആയൂർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാത്തതും സ്റ്റോക്കിലെടുത്തതിലെ കുറവും - 17613/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – 12/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം

അടങ്കൽ തുക – 600000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് – 600000/- രൂപ

ബിൽ നമ്പർ – 1/2017-18/30.08.17

ആയൂർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങിക്കുന്നതിന് മേൽ പ്രകാരം 600000/- രൂപ ഔഷധിയുടെ അക്കൗണ്ടിൽ ഒടുക്കുകയും 13.09.2017 തീയ്യതിയിൽ ഔഷധിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, 21.09.2017 മുതൽ 19.06.2018 വരെയായി 14 ഘട്ടങ്ങളിലായി 582882/- രൂപയുടെ മരുന്ന് മാത്രമേ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളൂ. കരാർ പ്രകാരം കരാർ തീയ്യതി മുതൽ 60 ദിവസത്തിനകം ലഭ്യമാകേണ്ട മരുന്ന് യഥാസമയം ലഭ്യമായിട്ടില്ലെന്ന് മാത്രമല്ല 17118/- രൂപയുടെ മരുന്ന് ഒരു വർഷമായിട്ടും ലഭ്യമായിട്ടുമില്ല.

ഇൻവോയ്സ് 90034190/21.9.17 പ്രകാരം 14-ാം നമ്പർ ഇനമായ ഗന്ധർവ്വഹസ്താതി 50 ഗ്രാം 245 എണ്ണത്തിന് ഒന്നിന് 11 രൂപ പ്രകാരം 2695/- രൂപ ഈടാക്കിയിട്ടുണ്ട്. ഡിസ്പൻസറിയിലെ സ്റ്റോക്ക് രജിസ്റ്റർ (വോള്യം 4, പേജ് 160) പരിശോധിച്ചതിൽ 200 എണ്ണം മാത്രമേ വരവിലെടുത്തിട്ടുള്ളൂ. സ്റ്റോക്കിൽ 45 എണ്ണത്തിന്റെ (അതായത് 45x11 = 495 രൂപയുടെ മരുന്ന്) കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/1.10.18) ഇക്കാര്യങ്ങളിൽ ഔഷധിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാകാത്ത മരുന്നിന്റെ വില 17613/- രൂപ (17118+495) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ഇ- ടെണ്ടർ - ഫോറം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയതിന്റെ ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2015-16 | 81585 |
| 2 | 2016-17 | 68670 |
| 3 | 2017-18 | 71232 |
| | ആകെ | 2,21,487 |

2,21,487/- രൂപ തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-8 പദ്ധതികൾ പൂർണമായും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രവൃത്തി പൂർത്തിയായിട്ടും ഗുണഭോക്താക്കൾക്ക്

ഉപയോഗക്ഷമമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1)പ്രോജക്ട് - 88/17-18 (വയോജനങ്ങൾക്ക് പകൽ വീട് നിർമാണം)
നിർവ്വഹണം – അസി. എഞ്ചിനീയർ

ആകെ പ്രവൃത്തിമൂല്യം- 7,91,935

എംബുക്ക് നമ്പർ- 06

കോൺട്രാക്ടർ- എം ഷംസുദ്ദീൻ

ബിൽ/വൗച്ചർ നമ്പർ/തീയ്യതി – 17190152017800528216 തീ. 09.10.2017 – 322269/- രൂപ
– 17190152017800631013 തീ. 31.10.2017 – 195752/- രൂപ
– 17190152017800631010 തീ. 31.10.2017 – 273914/- രൂപ

വയോജനങ്ങൾക്ക് പകൽവിശ്രമകേന്ദ്രം നിർമിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 28-6-2017-ന് പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും നാളിതുവരെയായി പകൽവീടിന്റെ ഉദ്ഘാടനം നടത്തി വയോജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കിയിട്ടില്ല.

കാഞ്ഞിരോട് വീവേഴ്സ് സൊസൈറ്റി ഗ്രാമപഞ്ചായത്തിന് കൈമാറിയ സ്ഥലത്ത് പിഡബ്ല്യുഡി നിർമിച്ച കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ മുകൾ നിലയിലാണ് പകൽ വീട് നിർമിച്ചിരിക്കുന്നത്. ആയതിന്റെ അനുബന്ധ പ്രവൃത്തികൾ നിറുത്തിവെക്കാൻ ജില്ലാമെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതായും, ഭരണസമിതി തീരുമാനം നമ്പർ 13/18 തീയ്യതി 3.2.18 പ്രകാരം പ്രവൃത്തി നടത്തുന്നതിന് അനുമതി നൽകാൻ ജില്ലാമെഡിക്കൽ ഓഫീസറോട് ആവശ്യപ്പെടാൻ തീരുമാനിച്ചതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു. പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണെന്നത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/17-18/04.10.2018) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പകൽ വീട് സ്ഥിതിചെയ്യുന്ന സ്ഥലം വില്ലേജ് രേഖകൾ പ്രകാരം ഫാമിലി പ്ലാനിംഗ് സെന്ററിന്റെ കൈവശത്തിലാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം പ്രസിഡന്റിന്റെ ശ്രദ്ധയിൽപെടുത്തിയപ്പോൾ ഈ സ്ഥലം കാഞ്ഞിരോട് വീവേഴ്സ് സൊസൈറ്റി മുണ്ടേരി ഗ്രാമപഞ്ചായത്തിന് കൈമാറിയതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസ്, റജിസ്ട്രേഷൻ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും പകൽവീട്, പ്രോജക്ട് വിഭാവനം ചെയ്യും പ്രകാരം വൃദ്ധജനങ്ങൾക്ക് ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)പ്രോജക്ട് - 64/17-18 (ബഡ്സ് സ്കൂൾ നിർമാണം)
നിർവ്വഹണം – അസി. എഞ്ചിനീയർ

ആകെ പ്രവൃത്തിമൂല്യം- 41,77,744

എംബുക്ക് നമ്പർ-11/13-14, 08/15-16,40/16

കോൺട്രാക്ടർ- എം എം ജോയ്
ബിൽ/വൗച്ചർ നമ്പർ/തീയ്യതി – 17190152017800391197 തീ. 22.8.17 – 905837/- രൂപ (തൻവർഷ ചെലവ്)

ബഡ്സ് സ്കൂളിന്റെ കെട്ടിട നിർമാണം 29-6-2017-ന് പൂർത്തീകരിക്കുകയും 22-8-2017ന് ഫൈനൽ ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് സംഘം 03.10.2018-ന് സ്ഥലം സന്ദർശിച്ചപ്പോൾ കെട്ടിടം കാടുമൂടിക്കിടക്കുന്നതായാണ് കണ്ടത്. ഫർണിച്ചറുകൾ, കളിയുപകരണങ്ങൾ, കുടിവെള്ളം എന്നിവ ലഭ്യമാക്കിയിട്ടുമില്ല. ഈ വിഷയം ഓഡിറ്റ് അന്വേഷണം നമ്പർ 12/17-18/04.10.18 മുഖേന ശ്രദ്ധയിൽപെടുത്തിയപ്പോൾ 2018 നവംബർ മാസം ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ വിഷയങ്ങൾ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-9 ക്ഷേമ പെൻഷൻ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

ക്ഷേമപെൻഷൻ അപേക്ഷകൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ, ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലോ, രേഖകളിലൊ എഴുതി സൂക്ഷിച്ചതായികാണുന്നില്ല. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയതായി കാണുന്നത്. ആയതിനാൽ ലഭ്യമായ ക്ഷേമ പെൻഷൻ അപേക്ഷൾ പഞ്ചായത്ത് സമയബന്ധിതമായി തീർപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സേവന സോഫ്റ്റ് വെയറിൽ നിന്നും ക്ഷേമ പെൻഷൻ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പെൻഷൻ തരം | 2017-18 വർഷത്തിൽ പഞ്ചായത്തിൽ ലഭിച്ച ആകെ അപേക്ഷകൾ | 2017-18 വർഷത്തിൽ നിരസിച്ച ആകെ അപേക്ഷകൾ | 2017-18 വർഷാരംഭത്തിൽ പെൻഷൻ നൽകി ക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷത്തിൽ നീക്കം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷത്തിൽ കൂട്ടി ചേർത്ത ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷാവസാനത്തിൽ പെൻഷൻ നൽകി ക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 364 | 36 | 2045 | - | 301 | 2346 |
| വിധവാ പെൻഷൻ | 77 | 3 | 1171 | - | 98 | 1269 |
| കർഷക തൊഴിലാളി പെൻഷൻ | 15 | - | 550 | 13 | 4 | 541 |
| വികലാംഗ പെൻഷൻ | 32 | 7 | 313 | - | 62 | 375 |
| 50 വയസ്സിന്ന് മുകളിലുള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 1 | 161 | - | 5 | 166 |

ക്ഷേമപെൻഷൻ അപേക്ഷകൾ സംബന്ധിച്ച വിശദവിവരങ്ങളും സേവന സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി സമർപ്പിച്ചതിന്റെ തീയതി ഉൾപ്പെടെയുള്ള വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 സമഗ്ര നെൽകൃഷി വികസന പദ്ധതി - ചെലവ് തുകയുടെ കൈപ്പറ്റ് ലഭ്യമാക്കിയില്ല.3,60,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം - 11/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ

അടങ്കൽ തുക –33,56,000/-

1)ബിൽ നം - 17190152016200443392 തീ 11.9.17, 2,58,000

2)ബിൽ നം - 17190152016200562521 തീ 17.10.17, 2,64,000

ഗ്രാമപഞ്ചായത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പ്രോജക്ട് ആണിത്.ക്രമനമ്പർ 1 പ്രകാരം പിൻവലിച്ചതുകയിൽ നിന്നും 1,62,000 രൂപ ആഗ്രോസർവീസ് സെന്ററിന് കുമ്മായം വാങ്ങിയ ഇനത്തിൽ കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 96,000 രൂപ കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിക്ക് ഇൻവോയ്സ് നമ്പർ 338/17-18 തീയ്യതി 7-6-17 പ്രകാരം ഉമ നെൽവിത്ത് വാങ്ങിയ ഇനത്തിൽ നൽകേണ്ടതാണ്. ക്രമനമ്പർ 2 പ്രകാരം പിൻവലിച്ച തുക ഇൻവോയ്സ് നമ്പർ 1107/17-18. തീയ്യതി 7.10.17, 1074/17-18 തീയ്യതി 28.9.17 എന്നിവ പ്രകാരം അതേ സ്ഥാപനത്തിന് നെൽവിത്ത് വാങ്ങിയ ഇനത്തിൽ നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത തുകകൾ കൃഷിഭവന്റെ TSB അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തത് . ആകെ 3,60,000 രൂപ കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിക്ക് കൈമാറേണ്ടതാണ്. പ്രസ്തുത തുക സ്ഥാപനത്തിന് കൈമാറിയതിന്റെയോ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ 3,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2017-18 | 250000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | - |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 11,30,500 | നെൽകൃഷി വികസന പദ്ധതി | 11,30,500 | - |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | സമഗ്ര പച്ചക്കറി വികസന പദ്ധതി | 170000 | - |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലുൽപാദക ബോണസ് | 200000 | - |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് | 250000 | - |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,16,22,980 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,82,33,039 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,27,613 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(2) | 4000 | - | ശ്രീ.സജീവൻ സി.പി,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 50,000 | ശ്രീ. സി.പി. സജീവൻ, സെക്രട്ടറി |
| 3-6 | 17,613 | ഡോ. സ്മിജ എ.പി., മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-10 | 3,60,000 | ശ്രീ.പ്രദീപൻ എം എൻ, കൃഷി ഓഫീസർ |
| ആകെ | 4,27,613/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജീവൻ സി പി, സെക്രട്ടറി | സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത് | ചന്ദ്രനിവാസ്, ചെറുമാവിലായി<br>പി ഒ മാവിലായി |
| ശ്രീ.പ്രദീപൻ എംഎൻ<br>കൃഷി ഓഫീസർ | - | കൃഷ്ണകൃപ<br>കൊറ്റാളി പി ഒ<br>കക്കാട് |
| ഡോ. സ്മിജ എ.പി., മെഡിക്കൽ ഓഫീസർ, | - | രാധാനിവാസ്, പി.ഒ. മുണ്ടലൂർ, പെരളശ്ശേരി. |

| ആയുർവ്വേദം | | |
|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 2 |
| 2004-05 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 1 |
| 2005-06 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 1 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 2 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 6 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 1 |
| 2009-10 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 3 |
| 2010-11, 2011-12 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/528/2018 തീയ്യതി 21.03.2018 | 6 |
| 2012-13 2013-14 | എൽ.എഫ്./കെ.എൻ.ആർ. /സി.2/247/16 തീയ്യതി 03.03.2016 | 22 |
| 2014-15 | കെ.എസ്.എ./കെ.എൻ.ആർ. /സി.2/1457/16 തീയ്യതി 08.08.2016 | 13 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/2188/16 തീയ്യതി 04.01.2017 | 33 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/1552/17 തീയ്യതി 14.09.2017 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.6/1944/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 19.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

'

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

RECEIPT AND PAYMENT STATEMENT OF MUNDERI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 29421532.50<br>69964.00 |
| | Receipts | | |
| | | | |
| 110000000 | Tax Revenue | RP-1 | 1143440.00 |
| 130000000 | RentalIncome From Panchayat Properties | RP-3 | 3600.00 |
| 140000000 | Fees & User Charges | RP-4 | 812507.00 |
| 150000000 | Sale & Hire Charges | RP-5 | 128750.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62112141.00 |
| 171000000 | Interest Earned | RP-9 | 93915.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12068774.00 |
| 350000000 | Other Liabilities | RP-36 | 118831.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 20364.00 |
| 340000000 | Deposits Received | RP-34 | 150096.00 |
| 350000000 | Other Liabilities | RP-36 | 34698.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 299477.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4630387.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| Grand Total | | | 111114476.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3971924.00 |
| 220000000 | Administrative Expenses | RP-12 | 1124687.00 |
| 230000000 | Operations & Maintenance | RP-13 | 1803483.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8090165.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10770786.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1424526.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 6613629.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 816140.00 |
| 255000000 | Maintance Projects | RP-20 | 19144145.00 |
| 280000000 | Prior Perid Items | RP-26 | - 40 |
| 350000000 | Othes Liabilities | RP-36 | 5353088.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP_14 | 1000.00 |
| 280000000 | Prior Period Item | RP-26 | - 32489.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 84231.00 |
| 341000000 | Deposit Works | RP-35 | 35303.00 |
| 350000000 | Other Liabilities | RP-36 | 3733267.00 |
| 410000000 | Fixed Assets | RP-38 | 8711995.00 |
| 412000000 | Capital Work in Progress | RP-40 | 6359432.00 |
| 460000000 | Loans, Advances and Deposits | RP-47 | 227767.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 32843427.50<br>38010.00 |
| Grand Total | | | 111114476.00 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

INCOME AND EXPENDITURE STATEMENT OF MUNDERI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5178909.00 |
| 130000000 | Rental Income from panchayat properties | I-3 | 64464.00 |
| 140000000 | Fees & User Charges | I-4(b) | 932767.00 |
| 150000000 | Sale & Hire Charges | I-5(b) | 128750.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 144723870.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 93915.00 |
| 180000000 | Other Income | I-9 | 0.00 |
| A | Total Income | | 151122675.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10584889.00 |
| 220000000 | Administrative Expenses | I-11(b) | 1124687.00 |
| 230000000 | Operations & Maintenance | I-12(b) | 1988783.00 |
| 240000000 | Interest & Finance Charges | I-13 | 1000.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 11591036.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20441452.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2718757.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 7174205.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 58486740.00 |
| 255000000 | Maintance Projects | I-14(e) | 19144145.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 5195563.00 |
| B | Total Expenditure | | 138451257.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 12671418.00 |
| D= 280000000 | Prior Period Item | I-18 | (557022.00) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 13228440.00 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

### ബാലൻസ് ഷീറ്റ്

BALANCE SHEET OF MUNDERI GRAMA PANCHAYAT AS ON 31-3-2018

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 32436256.00 |
| 311000000 | Earmarked Funds | B-2 | 64810.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 34770576.00 |
| | Total Reserve & Surplus | | 67271633.00 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3546643.50 |
| | Total Grants,Contribution for specific purposes | | 3546643.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 517319.00 |
| 341000000 | Deposit Works | B-8 | 14606.00 |
| 350000000 | Other Liabilities | B-9 | 1100164.00 |
| | Total Current Liabilities and Provisions | | 1632089.00 |
| | TOTAL LIABILITIES | | 72450365.50 |
| | ASSETS | | |
| | Current liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors | B-15(a) | 0.00 |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 52821176.00 |
| 411000000 | Accumulated Depreciation | B-11 | (14759979.00) |
| 412000000 | Capital Work In Progress | B-11(a) | 834397.00 |
| | Total Fixed Assets | | 38895594.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments | B-12 | 1700.00 |
| | Total investments | | 1700.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 454167.00 |
| 450000000 | Cash and Bank balance | B-17 | 32881437.50 |
| 460000000 | Loans, Advances and Deposits | B-18 | 217467.00 |
| | Total Current Assets,Loans and Advances | | 33553071.50 |
| | TOTAL ASSETS | | 72450365.50 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.